# കേരളസർവകലാശാല

നം.പി.ആർ.246/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല
### ഒന്നാം വർഷ ബിരുദ ,ബിരുദാനന്തരബിരുദ പ്രവേശനം – 2022
### കോളേജ് തല സ്പോട്ട് അലോട്ട്മെന്റ് – നവംബർ 23 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നവംബർ 23–ാം തീയതി അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. നിലവിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് 2022 നവംബർ 21 ന് 5.00 pm മുതൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

നിലവിൽ കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജുകളിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികൾക്ക് ടി സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

വിദ്യാർത്ഥികളോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളോ 2022 നവംബർ 23 ന് രാവിലെ 12.00 മണിക്ക് മുൻപായി അഡ്മിഷൻ ആഗ്രഹിക്കുന്ന കോളേജുകളിൽ ഹാജരാകേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ടി.സി. എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്

ഒന്നിലധികം കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്ന പക്ഷം വിദ്യാർത്ഥികൾക്ക് രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ വിദ്യാർത്ഥി ഒപ്പിട്ട authorization letter, മേൽ പറഞ്ഞ രേഖകളുടെ പകർപ്പുകൾ എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് (http://admissions.keralauniversity.ac.in) സന്ദർശിക്കുക.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. 2013 സ്കീം – സപ്ലിമെന്ററി, മെയ് 2022 ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ 2022 നവംബർ 23 ന് രാവിലെ 9.30 മുതൽ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (328) പ്രോഗ്രാമിന്റെ കമ്പ്യൂട്ടർ പേപ്പറിന്റെ (PC 1271 C PROGRAMMING LAB) പ്രാക്ടിക്കൽ പരീക്ഷ 2022 നവംബർ 29, 30 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 നവംബർ 22, 23 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന എട്ട്, പത്ത് സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്), സെപ്റ്റംബർ 2022 പരീക്ഷകളുടെ വർക്ക് എക്സ്പീരിയൻസ്, പ്രോജക്ട് ആന്റ് കോംപ്രിഹെൻസീവ് വൈവ പരീക്ഷ 2022 നവംബർ 26 ലേക്ക് മാറ്റിവച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്സി., ബി.കോം., ബി.പി.എ., ബി.ബി.എ., ബി.സി.എ., എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (മേഴ്സിചാൻസ് – 2012, 2011 2010 അഡ്മിഷൻ.), നവംബർ 2022 പരീക്ഷകൾക്ക് പിഴകൂടാതെ 2022 ഡിസംബർ 12 വരെയും 150 രൂപ പിഴയോടെ ഡിസംബർ 15 വരെയും 400 രൂപ പിഴയോടെ ഡിസംബർ 17 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.സി.എ. ഡിഗ്രി (റഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി 2020 അഡ്മിഷൻ, 2020 സ്കീം) പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ നവംബർ 28 വരെയും 150 രൂപ പിഴയോടെ ഡിസംബർ 01 വരെയും 400 രൂപ പിഴയോടെ ഡിസംബർ 03 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല 2022 ഡിസംബർ 20 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ബി.എ./ ബി.കോം./ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.എസ്സി. മാത്തമാറ്റിക്സ്/ബി.ബി.എ./ബി.സി.എ. (വിദൂരവിദ്യാഭ്യാസം) കോഴ്സുകളുടെ ഒന്നും രണ്ടും സെമസ്റ്റർ (റഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2017 അഡ്മിഷൻ മുതൽ) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് – മാർഗ നിർദേശം

കേരളസർവകലാശാല 2022 – 23 അദ്ധ്യയന വർഷത്തിലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഡിസംബർ 5 ന് നടത്തേണ്ടതുമായി ബന്ധപ്പെട്ട മാർഗ നിർദേശങ്ങൾ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേക്കും ഇ-മെയിൽ ചെയ്തിട്ടുണ്ട്. മേൽവിവരങ്ങൾ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഇലക്ഷൻ നോട്ടിഫിക്കേഷനുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ അഫിലിയേറ്റഡ് കോളേജുകളും ടി മാർഗ നിർദേശങ്ങൾക്ക് അനുസരിച്ച് കോളേജ് യൂണിയൻ ഇലക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## ഡിപ്ലോമ ഇൻ യോഗ തെറാപ്പി – സീറ്റ് ഒഴിവ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസവ്യാപന കേന്ദ്രം ഡിസംബർ 7 ന് ആരംഭിക്കുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. യോഗ്യത: കേരളസർവകലാശാല അംഗീകൃത ബിരുദം., കോഴ്സ് ഫീസ് 19,500/- രൂപ, ക്ലാസ് സമയം: രാവിലെ 7 മണി മുതൽ 9 മണി വരെ. താൽപ്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളുമായി പി.എം.ജി. സ്റ്റുഡൻസ് സെന്റർ ക്യാമ്പസിലുള്ള സി.എ.സി.ഇ.ഇ. ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ 0471–2302523.

തിരുവനന്തപുരം,
21.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**